**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 807 — **11.06.2014 -ൽ മറുപടിയ്ക്ക്**

**ഭൂഗർഭ ജല സംരക്ഷണം**

| ചോദ്യം<br>ശ്രീ. എ.എ.അസീസ് | ഉത്തരം<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
|---|---|
| എ) സംസ്ഥാന ജലവിഭവ വകുപ്പ് ഭൂഗർഭ ജലത്തിന്റെ അളവിനെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; | എ) പഠനം നടത്തിയിട്ടുണ്ട്. |
| ബി) ഉണ്ടെങ്കിൽ എന്നാണ് നടത്തിയതെന്നും വർഷംതോറും ഭൂഗർഭ ജല അളവ് കുറയുന്നതിന് പരിഹാരം കണ്ടെത്തുന്നതിന് നടപടികളെടുത്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | ബി) സംസ്ഥാന ഭൂജല വകുപ്പിന്റേയും കേന്ദ്ര ഭൂജല ബോർഡിന്റെയും നേതൃത്വത്തിലുള്ള ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റി രണ്ടു വർഷത്തിൽ ഒരിക്കലാണ് ഈ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നത്. 2008-09 ലെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2011-12 ലെ ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br>സംസ്ഥാനത്തെ ഭൂജല വകുപ്പിന്റെയും കേന്ദ്ര ഭൂജല വകുപ്പിന്റെയും കീഴിലുള്ള നിരീക്ഷണ കിണറുകളിൽ നിന്നും ലഭ്യമായ ഡാറ്റ പ്രകാരം സംസ്ഥാനത്ത് പൊതുവിൽ ഭൂജല വിതാനം ക്രമാതീതമായി താഴുന്നതായി രേഖപ്പെടുത്തിയിട്ടില്ല. ചില ഒറ്റപ്പെട്ട പ്രദേശങ്ങളിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് ഭൂജല നിരപ്പിൽ ഗണ്യമായ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്.<br>ഭൂജല സംരക്ഷണവും ഭൂജല സംപോഷണവും എന്ന പദ്ധതിയിൻ കീഴിൽ ചെറിയ തടയണകൾ, |

വി.സി.ബി.കൾ ചെറിയ കിടങ്ങുകൾ, സബ് സർഫസ് ഡാമുകൾ, എന്നിവയുടെ നിർമ്മാണവും തുറന്ന കിണറുകൾ വഴിയുള്ള കൃത്രിമ ഭൂജല സംപോഷണവും ഭൂജല വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. 2014-15 വർഷത്തിൽ ഇതിനായി 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ